LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗര മാലിന്യങ്ങൾ സംസ്കരിക്കുന്നതിലേക്കായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പിപിപി അടിസ്ഥാനത്തിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) തെർമൽ ടെക്നോളജിയിൽ അധിഷ്ഠിതമായ ഗ്യാസിഫിക്കേഷൻ, പൈറോളിസിസ്, പ്ലാസ്മ ഗ്യാസിഫിക്കേഷൻ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പരിസ്ഥിതിക്ക് ഇണങ്ങിയതും ദുർഗന്ധം വമിക്കാത്തതും മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്നതുമായ തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് നടപടി എടുത്തുവരുന്നത്.

(സി) സർക്കാർ അംഗീകരിച്ച RFP തുടർനടപടികൾക്കായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായതിന് ശേഷം മാത്രമേ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ അളവിനെപ്പറ്റി വിശദമാക്കാൻ കഴിയുകയുള്ളൂ. പ്ലാന്റിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലാണ് ലഭ്യമാകുന്ന വൈദ്യുതിയുടെ അളവ് നിശ്ചയിക്കേണ്ടത്.

## നഗരവികസന മാസ്റ്റർ പ്ലാനുകൾ

306 (1731) ശ്രീ. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരവൽക്കരണത്തിന് ആനുപാതികമായി നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന മാസ്റ്റർ പ്ലാനുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇപ്പോൾ നടപ്പാക്കി വരുന്ന പ്രധാന മാസ്റ്റർ പ്ലാനുകൾ ഏതെല്ലാമാണ് ; ഇവയുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നഗര-ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. വിവരശേഖരണം, വിവരവിശകലനം, സംയോജിത വികസന സങ്കല്പം രൂപീകരിക്കൽ, പ്ലാൻ രൂപീകരിക്കൽ (റിപ്പോർട്ട് തയ്യാറാക്കൽ ഉൾപ്പെടെ) എന്നിങ്ങനെയുള്ള വിവിധ ഘട്ടങ്ങളുള്ള ഒരു പ്രക്രിയയിലൂടെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. മാസ്റ്റർപ്ലാനുകൾ, മൾട്ടി ഡിസിപ്ലിനറി, മൾട്ടിലെവൽ, ലോങ്ങ് റേഞ്ച് പ്ലാനുകളാണ്. ഓരോ പ്രദേശത്തിന്റെയും സവിശേഷതകളും വികസന സ്വഭാവവും, വികസന പ്രശ്നങ്ങളും പൂർണ്ണമായി മനസ്സിലാക്കി മാത്രമേ പ്രദേശത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളൂ. ഇതിന് വളരെ വിശദമായ പഠനവിശകലനങ്ങൾ വേണ്ടിവരും. ഭൂവിനിയോഗ സർവ്വേ, ഗതാഗത സർവ്വേ, സാമൂഹ്യ-സാമ്പത്തിക സർവ്വേ തുടങ്ങി വിവിധ പ്രാഥമിക സർവ്വേകൾ, വിവിധ മേഖലകളെക്കുറിച്ചുള്ള പ്രാഥമിക/ ദ്വിതീയ വിവരശേഖരണം, stake holder consultations, ചർച്ചകൾ, സെമിനാറുകൾ എന്നിവ വിവര ശേഖരണ ഘട്ടത്തിൽ നടത്തേണ്ടതുണ്ട്. തുടർന്ന് വിവര വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന envisioning-നെ തുടർന്ന് കരട് പ്ലാൻ രൂപീകരിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ മാസ്റ്റർപ്ലാനിന്റെ കരട് രൂപം മാത്രമാണ് തയ്യാറാക്കുന്നത്. കരട് പ്ലാൻ വീണ്ടും വികസന സെമിനാറിൽ അവതരിപ്പിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇതേ തുടർന്ന് അതത് നഗരസഭകൾ കരട് പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും അതിന്മേൽ ലഭിക്കുന്ന ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ ഭേദഗതികളോടെ സർക്കാർ അംഗീകൃതമാക്കുന്നതിനുള്ള നിയമ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്ന പ്രക്രിയ, സമയം കൂടുതൽ ആവശ്യമുള്ള (time consuming) ഒന്നാണ്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെയാണ് നഗരസഭകൾ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നത്. മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വകുപ്പുതലത്തിലും സർക്കാർ തലത്തിലും കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്. എന്നാൽ നഗരസഭകളുടെയും ജനപ്രതിനിധികളുടെയും ഈ വിഷയത്തിലുള്ള താല്പര്യം വളരെ നിർണ്ണായകമാണ്.

(സി) സംസ്ഥാനത്തെ നഗരങ്ങൾക്ക് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിലേക്കായി സ്കീം ഓഫ് പ്രിപ്പറേഷൻ ഓഫ് മാസ്റ്റർപ്ലാൻസ് ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം എന്ന സംസ്ഥാന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടത്തി 31 പട്ടണപ്രദേശങ്ങളുടെ മാസ്റ്റർപ്ലാനുകളും, രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടത്തി 29 പട്ടണങ്ങളുടെ മാസ്റ്റർപ്ലാനുകളുമാണ് തയ്യാറാക്കിയത്/തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ഇത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.* ഇതനുസരിച്ച് ആദ്യഘട്ടത്തിലെ 31 മാസ്റ്റർപ്ലാനുകളിൽ 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 12 മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചതിന് ശേഷമുള്ള വിവിധ നടപടിക്രമങ്ങളിലാണ്. 13 മാസ്റ്റർപ്ലാനുകളുടെ കരട് പ്ലാനുകളുടെ കരട് തയ്യാറാക്കി പ്രസിദ്ധീകരണത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ഇവയിൽ ഒരു മാസ്റ്റർപ്ലാനിന്റെ (നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തിന്റെ) തയ്യാറാക്കലിന്റെ അന്തിമ ഘട്ടത്തിലാണ്. രണ്ടാംഘട്ടത്തിലെ 29 മാസ്റ്റർപ്ലാനുകളിൽ 8 പ്ലാനുകളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. 9 മാസ്റ്റർപ്ലാനുകൾ കൺസപ്റ്റ് പ്ലാൻ പൂർത്തിയാക്കി മാസ്റ്റർപ്ലാൻ നിർദ്ദേശങ്ങളും, റിപ്പോർട്ടും തയ്യാറാക്കിവരുന്നു. 8 മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പഠന വിശകലനങ്ങൾ പൂർത്തിയായിട്ടുണ്ട്. ബാക്കി നാല് മാസ്റ്റർ പ്ലാനുകളുടെ വിവര ശേഖരണ/വിശകലനങ്ങൾ പുരോഗമിക്കുന്നു.

(ഡി) മാസ്റ്റർപ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ ഇതിനകംതന്നെ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ സർക്കാർ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖകൾ (G.O.(Rt.) No. 2766/2009/LSGD, Dated 24-10-2009, G.O. (Rt.) No. 2767/2009/LSGD, Dated 24-10-2009 എന്നിവ) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ ഭാഗങ്ങളിൽ അധികമായി ആവശ്യമായി വരുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ആവശ്യമെങ്കിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവർത്തനങ്ങൾ ഔട്ട്സോഴ്സ് ചെയ്യുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ പരിശീലന പരിപാടികൾ/വർക്ക്ഷോപ്പുകൾ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സമയ ബന്ധിതമായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് സഹായകമാകംവിധം വിവിധ ടൂൾ കിറ്റുകൾ, ഗൈഡ് ലൈനുകൾ, മാതൃകകൾ എന്നിവ നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പദ്ധതിയുടെ പ്രവർത്തന പുരോഗതി ക്രമമായി സർക്കാർ തലത്തിലും വകുപ്പുതലത്തിലും വിലയിരുത്തുന്നുണ്ട്. തുടർന്നും ഇത്തരത്തിലുള്ള ക്രമമായ അവലോകനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly